☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
E-mail: ms.kspcb@gov.inFAX: 0471 – 2318134, 2318152 web: www.keralapcb.nic.in

**KERALASTATE POLLUTION CONTROL BOARD**
**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

---

പിസിബി/എച്ച്ഒ/ഇഡികെ/ജിഇഎൻ/2019 തീയതി: 30/09/2021

<u>പ്രസ് റിലീസ്</u>

1974 ലെ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം, 1981ലെ വായു മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം പ്രകാരം, വ്യവസായ/വ്യവസായേതര സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം കരസ്ഥമാക്കേണ്ടതുണ്ട്. ഇതിനായി ബോർഡ് പൂർണ്ണമായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്. krocmms.nic.in എന്ന പോർട്ടൽ മുഖേന സ്ഥാപനങ്ങൾക്ക് ബോർഡിൽ നിന്നും സ്ഥാപനാനുമതിയ്ക്കും പ്രവർത്തനാനുമതിയ്ക്കുമായുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതും അനുമതിപത്രം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതുമാണ്. യൂണിറ്റുകൾ സ്ഥാപിതമാകുന്നതിനുമുൻപ് സ്ഥാപനാനുമതിപത്രം കരസ്ഥമാക്കേണ്ടതും ആയതിലെ നിബന്ധനകൾ പാലിച്ച് പ്രവർത്തന സജ്ജമാകുമ്പോൾ തന്നെ പ്രവർത്തനാനുമതിപത്രം കരസ്ഥമാക്കേണ്ടതുമാണ്. സംരംഭകർ വ്യവസായ/വ്യവസായേതര സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് ബോർഡിന്റെ ദൂരപരിധി മാനദണ്ഡങ്ങളും മറ്റു മാർഗ്ഗ രേഖകളും മനസ്സിലാക്കുന്നത് അഭിലഷണീയമായിരിക്കും. ഇതിനായി keralapcb.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

**ഒപ്പ്/-**
**ചെയർമാൻ**